# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1340 20.01.2014 ൽ - മറുപടിക്ക്

## ദേശീയഭക്ഷ്യ സുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, എം. എ. വാഹീദ്<br>,, കെ. മുരളീധരൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം-2013 സംസ്ഥാനത്ത് നടപ്പിലാക്കാൻ തത്വത്തിൽ തീരുമാനിച്ച് സ.ഉ.(കൈ)നം. 53/13/ഭ.സി.സ.വ, തീയതി 02.12.13 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് സിവിൽ സപ്ലൈസ്, ധനകാര്യം, റവന്യൂ, വിദ്യാഭ്യാസം, സാമൂഹ്യനീതി, ഐ.റ്റി., തദ്ദേശസ്വയം ഭരണം, ആരോഗ്യം, കൃഷി മുതലായ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. ബഹു. മുഖ്യമന്ത്രി 04.12.13ന് നടത്തിയ യോഗത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി (ഹയർ എഡ്യൂക്കേഷൻ)യുടെ അദ്ധ്യക്ഷതയിൽ മേൽ പ്രസ്താവിച്ച വകുപ്പുകളുടെ തലവന്മാരുടെ യോഗം വിളിച്ചു ചേർത്ത് ഭക്ഷ്യസുരക്ഷാ നിയമത്തിൽ നിഷ്കർഷിക്കുന്ന പ്രയോരിറ്റി ഹൗസ് ഹോൾഡ് (മുൻഗണനാ വിഭാഗത്തിൽപ്പെട്ട വീടുകൾ) കണ്ടെത്തുന്നത് സംബന്ധിച്ച മാനദണ്ഡം തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഗോഡൗൺ നിർമ്മാണത്തിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികളും കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച നടപടികളും നടന്നുവരുന്നു. |
| (ബി) ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ; | (ബി) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകാനിടയുള്ള ദോഷങ്ങൾ ദുരീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട്; വിശദമാക്കുമോ; | (സി) | കേരള സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ചുള്ള ഉദ്ദേശം 154.8 ലക്ഷം വരുന്ന മുൻഗണനാ വിഭാഗത്തിന് 10.13 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം പ്രതിവർഷം കണക്കാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ആവശ്യത്തെ തുടർന്ന് അലോട്ട്മെന്റ് 14.25 ലക്ഷം മെ.ടൺ ആയിരിക്കുമെന്ന് ഭക്ഷ്യസുരക്ഷാ നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (ഡി) | നിയമം നടപ്പിലാക്കുമ്പോൾ ഇപ്പോൾ ബി.പി.എൽ വിഭാഗത്തിൽ ഉള്ളവരേയും എ.പി.എൽ വിഭാഗത്തിലെ അർഹരേയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | കേരള സംസ്ഥാനത്ത് ഉദ്ദേശം 154.8 ലക്ഷം പേരാണ് ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം മുൻഗണനാ വിഭാഗത്തിൽ വരുന്നത്. ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം നിർദ്ദേശിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും തുടർനടപടികൾ സ്വീകരിക്കുക. |

സെക്ഷൻ ഓഫീസർ